"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - 2025-26 സാമ്പത്തിക വർഷത്തെ പദ്ധിയേതര വിഹിതം കോ-ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.225/2025/Co-Op തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:- 1. 07/04/2025 ലെ കേപ്പ് ഡയറക്ടറുടെ CAPEHO/498/2024 A(ACC2) 1702 നം.കത്ത്

2. സർക്കുലർ നം.35/2024/ധന തീയതി 12/06/2024.

**ഉത്തരവ്**

2025-26 സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതത്തിൽ കോ-ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിലെ (കേപ്പ്) ജീവനക്കാർക്ക് ശമ്പളയിനത്തിൽ തുക അനുവദിക്കുന്നതിനായി 4.6689 കോടി രൂപ 2425-00-108-47-31 (NP) ശീർഷകത്തിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

2. മാസശമ്പളത്തിനായി ശരാശരി 5.63കോടി രൂപ ആവശ്യമാണെന്നും വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ട്യൂഷൻ ഫീസ് മാത്രമാണ് കേപ്പിന്റെ ഏക വരുമാന മാർഗ്ഗമെന്നും 2024-25 വർഷത്തെ ഫീസ് പിരിവ് അവസാനിച്ചതിനാൽ, നിലവിലെ സാമ്പത്തികസ്ഥിതി പരിഗണിച്ച്, 2025-26 സാമ്പത്തികവർഷത്തിൽ 2425-108-47-31 (NP) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 4.6689 കോടി രൂപ കേപ്പിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി ഗ്രാന്റ് - ഇൻ - എയ്ഡ് ആയി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേപ്പിലെ ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യുന്നതിനായി, വിനിയോഗ പരിധിക്കുള്ളിൽ നിന്നുകൊണ്ട്, **2425-108-47-31 (NP)** ശീർഷകത്തിൽ നിന്നും **93.37** ലക്ഷം രൂപ (തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി മുപ്പത്തേഴായിരം രൂപ മാത്രം) റിലീസ് ചെയ്ത് നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**4.** പരാമർശം **(2)** സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് മേൽ തുക സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട ശീർഷത്തിൽ നിന്നും പിൻവലിച്ച് കേപ്പ് ഡയറക്ടർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫണ്ട് വിനിയോഗം സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ഡയറക്ടർ, കോ-ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രൊഫഷണൽ
എഡ്യൂക്കേഷൻ, വള്ളക്കടവ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി**1/75/2025**/ധന)
വെബ് & ന്യൂ മീഡിയ,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ബി**3/67/2025**/സഹ).

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 06-05-2025 11:01:10
സെക്ഷൻ ഓഫീസർ.

പകർപ്പ് :- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.